പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1545 05-02-2019-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ കാർഷിക കടാശ്വാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) | ജസ്റ്റിസ് (റിട്ട.) ശ്രീ. ശശിധരൻ നമ്പ്യാർ ചെയർമാനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുന:സംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ 31.10.2011 വരെയും, വയനാട് ജില്ലയിൽ 31.03.2014 വരെയും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള കർഷകർക്ക് കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2019 ഫെബ്രുവരി 28 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7/2016 മുതൽ 23.01.2019 വരെ ആകെ 66907 അപേക്ഷകൾ സിറ്റിംഗ് നടത്തി പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 7480 കർഷകർക്ക് 20,00,00,000/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 7949 കർഷകർക്ക് 19,76,64,765/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ | (ബി) & (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ